**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് - 2007-2008 വർഷത്തെ എസ്.ജി.ആർ.വൈ. പദ്ധതിയുടെ ഭക്ഷ്യധാന്യം കൈകാര്യം ചെയ്ത ഇനത്തിൽ കടത്ത്കൂലി അനുവദിക്കുന്നതിനുള്ള പ്രോജക്ടിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).1041/14/തസ്വഭവ തീയതി, തിരുവനന്തപുരം, 26.04.2014

===================================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 05.03.2014 ലെ 4390/ഡി.പി.5/14/സി.ആർ.ഡി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ എസ്.ജി.ആർ.വൈ. പദ്ധതിയുടെ ഭക്ഷ്യധാന്യം കൈകാര്യം ചെയ്ത ഇനത്തിൽ ഏജൻസികൾക്ക് നൽകുവാൻ ബാക്കിയുള്ള കടത്ത് കൂലി അനുവദിക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയ്ക്ക്, പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ സർക്കാർ അനുമതി ആവശ്യമാണെന്ന് പരാമർശ പ്രകാരം ഗ്രാമവികസന കമ്മീഷണർ അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2007-08 വർഷത്തെ എസ്.ജി.ആർ.വൈ. പദ്ധതിയുടെ ഭക്ഷ്യധാന്യം കൈകാര്യം ചെയ്ത ഇനത്തിൽ കടത്ത് കൂലി അനുവദിക്കുന്നതിനുള്ള പ്രോജക്ടിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സത്യകുമാർ.എസ്.
ജോയിന്റ് സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
4. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ